# വിളപ്പിൽശാല ചവർ സംസ്ക്കരണപദ്ധതി –
## ഗ്രാമങ്ങൾ നഗരങ്ങളുടെ ചവറ്റുകുഴികളോ?

**– ദിനേശ്**

തിരുവനന്തപുരം കോർപ്പറേഷന്റെ ചവർ സംസ്ക്കരണപദ്ധതിയ്ക്കും സംസ്ഥാന സർക്കാർ അനുമതി നൽകിയിരിയ്ക്കുന്നു. വിളപ്പിൽ ശാല പഞ്ചായത്തിലെ കണികാണുംപാറ എന്ന ഗ്രാമത്തിലെ 12 1/2 ഏക്കർ സ്ഥലത്താണ് നിർദ്ദിഷ്ടപദ്ധതി. നഗരത്തിലെ ചവർപ്രശ്നം പരിഹരിക്കാൻ നഗരസഭ കുപിടിച്ചിരിക്കുന്ന ഈ മാർഗ്ഗം മിതമായ ഭാഷയിൽ പറഞ്ഞാൽ ധിക്കാരം നിറഞ്ഞതാണ്. ആ ഗ്രാമത്തിലെ ജനങ്ങളുടെയും പഞ്ചായത്ത് അധികൃതരുടെയും എതിർപ്പിനെ വകവയ്ക്കാതെയാണ് നഗരസഭ ഈ പദ്ധതിയ്ക്ക് ഒരുമ്പെടുന്നത്. പഞ്ചായത്ത് അധികൃതരും ജനങ്ങളുമായി സംസ്ഥാന സർക്കാർ തന്നെ നേരിട്ടും ചർച്ചനടത്തുമെന്നാണ് ഇപ്പോൾ പറയുന്നത്.

സ്വകാര്യ കമ്പനിയായ ഭോപ്പാലിലെ എക്സൽ [EXCEL] ഇൻഡസ്ട്രീസും തിരുവല്ലയിലെ മറ്റൊരു കമ്പനിയുമായി ചേർന്നാണ് കോർപ്പറേഷൻ ചവർ സംസ്ക്കരണപ്ലാന്റ് സ്ഥാപിക്കുക. തദ്ദേശ സ്വയം ഭരണ മന്ത്രി പാലൊളി മുഹമ്മദ്കുട്ടി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളുമായി അടുത്തുതന്നെ ചർച്ച നടത്തുമത്രെ! ഇതിനു ശേഷമായിരിക്കും കോർപ്പറേൻ സ്വകാര്യകമ്പനികളുമായി കരാറിലേർപ്പെടുക. മാലിന്യ സംസ്ക്കരണ രംഗത്ത് ഇതുവരെ ഇല്ലാതിരുന്ന പോബ്സ് ഗ്രൂപ്പുമായാണ് കരാർ ഒപ്പുവയ്ക്കാൻ പോകുന്നത് എന്ന് കേൾക്കുന്നു. പ്രതിദിനം 400 ടൺ മാലിന്യങ്ങളാണ് നഗരത്തിലാകെ ഒരു ദിവസം ഉാകുന്നതത്രെ! അതിൽ **300 ടൺ മാലിന്യങ്ങൾ പ്ലാന്റിൽ എത്തിക്കാമെന്നാണ് നഗരസഭയുടെ വാഗ്ദാനം. ഇത് 'നിറവേറ്റാൻ' ആയില്ലെങ്കിൽ 50,000 രൂപ വരെ കരാറുകാരന് കൊടുക്കേതായും വരും.** (മുമ്പ് ഒപ്പുവച്ച ഈ കരാറിന്റെ ഭാഗങ്ങൾ പത്രങ്ങളിൽ വന്നുകഴിഞ്ഞതാണ്) അതായത്, ചവർ കുറച്ച് പ്രശ്നം പരിഹരിക്കുന്നതിനുപകരം, പരമാവധി ചവറുാക്കുക എന്ന പരിഹാസ്യമായ ദരുന്തത്തിലേയ്ക്ക് നാം എത്തിപ്പെടും. (അല്ലെങ്കിൽ കോർപ്പറേഷൻ നഷ്ടത്തിലാകുമല്ലോ?!!)

മാത്രമല്ല, പ്രസ്തുത പദ്ധതി യാതൊരു വിധത്തിലും പ്രായോഗികമല്ല. ഒന്നാമതായി, കണി കാണും പാറയിലെ രു കുന്നുകൾക്കിടയിലുള്ള ഒരു ചെറിയ താഴ്വരയാണ് നഗരസഭ പദ്ധതി നടത്താനായി കു വച്ചിരിക്കുന്നത്. (നഗരസഭയുടെ സ്ഥലമാകട്ടെ ഒരു വലിയ കുന്നിൻ ചരിവുതന്നെയാണ്!) ഈ സ്ഥലം വർഷങ്ങൾക്കുമുമ്പ് നഗരസഭാ ജീവനക്കാർക്ക് ക്വാർട്ടേഴ്സിനു വേിയെന്നും ഔഷധനിർമ്മാണ തോട്ടത്തിനെന്നും പറഞ്ഞ് ഏജന്റുമാർ മുഖേന നഗരസഭ വാങ്ങിയതാണ്. ഭൂമി ഇടപാടിൽത്തന്നെ അഴിമതി നടന്നിട്ടുന്നൊണ് നാട്ടുകാർ പറയുന്നത്. 12 1/2 ഏക്കർ മാത്രം വരുന്ന ആ സ്ഥലത്ത് ദിവസവും 300 ടൺ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ സാധിയ്ക്കും എന്നുപറഞ്ഞാൽ സാമാന്യബുദ്ധിയുള്ള ഏതൊരാൾക്കും അതിനെ വിഡ്ഢിത്തമെന്നേ വിശേഷിപ്പിക്കാനാകൂ. എക്സൽ സാങ്കേതിക വിദ്യയ്ക്കു കുറഞ്ഞത് നൂറ് ഏക്കർ സ്ഥലമെങ്കിലും വേിവരുമെന്നാണ് കേൾക്കുന്നത്. ഈ സാങ്കേതിക വിദ്യ പ്രകാരം ജീർണ്ണിക്കാൻ 3 മാസം വേിവരുന്ന ജൈവ മാലിന്യങ്ങൾ വെറും 30 ദിവസംകൊ് ജീർണ്ണിക്കുമത്രെ! എന്നാൽപ്പോലും 9000 ടൺ മാലിന്യങ്ങളാവും ഓരോ മാസവും ഈ ഗ്രാമത്തിലെത്തുക. അതും തീരെച്ചെറിയ രു വഴികളിൽക്കൂടിമാത്രം. ദിനംപ്രതി 300 ടൺ മാലിന്യങ്ങൾ കൊുവരാൻ എത്ര ലോറികൾ വേിവരും?!! ആ വരവ് ചുറ്റുവട്ടത്തെ ജനങ്ങൾക്കുാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാവും?

ഈ പ്രക്രിയയ്ക്കുപയോഗിക്കുന്ന ബാക്ടീരിയ എന്താണെന്നോ, മനുഷ്യരെയും മറ്റു ജീവജാലങ്ങളെയും കാർഷിക വിളകളെയും അവ എങ്ങിനെ ബാധിയ്ക്കുമെന്നോ വെളിപ്പെടുത്താൻ അത് 'വ്യവസായിക രഹസ്യ'മാണെന്ന പേരിൽ കമ്പനി തയ്യാറായിട്ടില്ല. സ്വിറ്റ്സർലാന്റിലെ ഇത്തരമൊരു പദ്ധതിയിൽനിന്ന് പുറത്തുകടന്ന ബാക്ടീരിയകൾ അവിടുത്തെ കാർഷികവിളകളെ അകാലത്തിൽ അഴുക്കിക്കളയുകയുായി. (ഇത്തരം വാർത്തകൾ നമ്മളും നമ്മുടെ ഭരണാധികാരികളും പലപ്പോഴും അറിയാറില്ല!) ആന്ധ്രാപ്രദേശിൽ എക്സൽ സാങ്കേതിക വിദ്യയുപയോഗിച്ച് പ്രവർത്തിക്കുന്ന ജൈവവളനിർമ്മാണ യുണിറ്റിൽ, ജീർണ്ണിപ്പിക്കാൻ കഴിയാതെകിടന്ന മാലിന്യങ്ങൾ കൃഷ്ണാനദിയിലെത്തിച്ചേർന്ന് നദി ഗുരുതരമായ മലിനീകരണത്തിനിരയായി. വിളപ്പിൽശാലയിലാകട്ടെ,

**(Contd....)**

തിരുവനന്തപുരം നഗരസഭ, ശുദ്ധജലവിതരണത്തിന് പ്രധാനമായും ആശ്രയിക്കുന്ന, കരമനയാറ്റിലേക്ക് ഒഴുകിയെത്തുന്ന ഒട്ടനവധി തോടുകളുടെ ഒരു ശൃംഖലതന്നെയുണ്ട്. ഇത്തരമൊരു പദ്ധതിയ്ക്കുവേണ്ടി ശഠിയ്ക്കുന്ന ഓരോ നഗരവാസിയും ആത്മഹത്യാപരമായ നടപടിയാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാണ്.

നഗരസഭയുടെ സ്ഥലത്തിനുതൊട്ട് ഒട്ടനവധി കുടുംബങ്ങൾ കൃഷിയെ ആശ്രയിച്ചു കഴിയുന്നവരായുണ്ട്. അവരുടെ ആരോഗ്യത്തിനും കൃഷിയ്ക്കും ഹാനികരമാകുന്നതാണ് ഈ പദ്ധതി. നഗരത്തിന് ഗ്രാമങ്ങൾ നൽകുന്നത് ധാന്യങ്ങളും പച്ചക്കറികളുമാണെങ്കിൽ, ചവറാണ് നഗരങ്ങൾ ഗ്രാമങ്ങൾക്ക് ധാർഷ്ട്യത്തോടെ നൽകുന്നത്. നഗരങ്ങളിലെ ചപ്പുചവറുകൾ കൊടിടാനുള്ള ചവറ്റുകുഴികളല്ല ഗ്രാമങ്ങൾ. നമ്മുടെ നിലനില്പിന്നാധാരമായ കൃഷിയെയും അതിലൂടെ നമ്മെ പോറ്റുന്ന കൃഷിക്കാരെയും നശിപ്പിച്ചാൽ നാളെ നാമെന്തുചെയ്യും? അപ്പോഴും ഏതെങ്കിലും കൃത്രിമ ബാക്റ്റീരിയയുടെ സഹായത്തോടെ ജീവിക്കാമെന്ന വ്യാമോഹം ഏതെങ്കിലും നഗരവാസിയ്ക്കുാകുമോ?

ഇതു കൂടാതെ ഇത്തരമൊരു പദ്ധതി പ്രായോഗികമല്ലാത്തതിന് മറ്റു ചില കാരണങ്ങൾ കൂടിയുണ്ട്. ചവർ തരംതിരിക്കൽ (Segregation) നടത്താതെ ജൈവവളം (Bio-Fertilizer) ഉാക്കാൻ സാധ്യമല്ല. ജൈവ മാലിന്യങ്ങൾ മാത്രം ഉപയോഗിച്ചാണ് ഈ പ്ലാന്റ് പ്രവർത്തിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെയിരിക്കെ ഇത്തരമൊരു പദ്ധതിയുടെ ആവശ്യത്തെക്കുറിച്ച് ചില സംശയങ്ങളുണ്ട്. ചവറിനെ ജൈവമെന്നും അജൈവ (Plastic-പോലുള്ളവ) മെന്നും വേർതിരിക്കുന്നത് ഒരു കേന്ദ്രീകൃത സംവിധാനത്തിൽ ചെലവേറിയതാണ്. (അതേ സമയം വ്യക്തികൾ തന്നെ, മാലിന്യങ്ങളുടെ ഉറവിടങ്ങളിൽ വച്ചു തന്നെ, തികച്ചും വികേന്ദ്രീകൃതമായി ചെയ്യുകയാണെങ്കിൽ അത് ചെലവു കുറഞ്ഞതും എളുപ്പവും കൂടുതൽ തൊഴിലവസരങ്ങൾക്ക് സാധ്യത ഉള്ളതുമാണ്.) ചവർ വേർതിരിയ്ക്കുന്നില്ലെങ്കിൽ പ്രസ്തുത പ്ലാന്റിൽ നിന്ന് ലഭിക്കുന്ന 'വളത്തിൽ പ്ലാസ്റ്റിക്കും ബാറ്ററിയുംപോലുള്ള വിഷവസ്തുക്കളും അരച്ചുചേർത്തിരിക്കും. അത് വളം വാങ്ങുന്നവരേയും ജനങ്ങളെയും (വളം വാങ്ങുന്ന ഉപഭോക്താക്കളുൾപ്പെടെയുള്ളവരെ) വഞ്ചിക്കുന്നതായിരിയ്ക്കും. മറിച്ച് വേർതിരിയ്ക്കൽ നടക്കുന്നുവെങ്കിൽ ചെലവേറിയ പ്രവർത്തനങ്ങളൊന്നുമില്ലാതെ തന്നെ ജൈവവളം കൃഷിക്കാർക്ക് നേരിട്ട് നൽകാൻ നഗരസഭയ്ക്ക് കഴിയും. കുറച്ചുകാലം മുമ്പുവരെ ഇതു ചെയ്തിരുന്നതായി അറിയുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ അതിപ്രസരം കാരണം ഒടുവിൽ അത് ആർക്കും വോതാവുകയായിരുന്നു. ചെലവേറിയ ഒരു (അനാവശ്യ) പ്രക്രിയ വഴി തങ്ങളുടെ ഉല്പന്നത്തിന്റെ വില്പനയിലൂടെ അമിതലാഭം കൊയ്യാനുള്ള ഒരു കമ്പനിബുദ്ധിമാത്രമായി ഈ പ്ലാന്റ് അധഃപതിയ്ക്കും. ഇത്തരമൊരു പ്ലാന്റ് യാതൊരു വിധത്തിലും കൂടുതൽ തൊഴിലവസരങ്ങൾ ഉാക്കില്ല. മറിച്ച് വികേന്ദ്രീകൃതമായ ചവർ വേർതിരിയ്ക്കൽ നഗരസഭ തന്നെ നേരിട്ട് കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ പേർക്ക് തൊഴിൽ ലഭിയ്ക്കും.

നഗരത്തിൽ ഉാക്കപ്പെടുന്ന ചവറിന്റെ 60% വും ജനസംഖ്യയുടെ 10% ത്തിൽ താഴെ മാത്രം വരുന്ന ഉയർന്ന വരുമാനക്കാരുടെ സംഭാവനയാണ്. ഉപഭോഗസംസ്ക്കാരം നമ്മുടെ പരിസരത്തെ എത്രത്തോളം ദുഷിപ്പിക്കുന്നുവെന്നതിന് ഇതിൽക്കൂടുതൽ ഒരു തെളിവുവേണോ? മാലിന്യങ്ങൾ ഉായതിനുശേഷം സംസ്ക്കരിക്കുന്നതിനേക്കാൾ ഭേദം മാലിന്യങ്ങൾ ഉാവാതെ നോക്കുകയല്ലെ? ഉാകുന്നത് പരമാവധി കുറയ്ക്കുന്നതല്ലെ?

ഇന്ന് ഈ പ്രശ്നത്തിന്റെ പേരിൽ നഗരവാസികളെയും ഗ്രാമവാസികളെയും രു ചേരിയിലാക്കി തരംതിരിച്ചിരിക്കുകയാണ്. ഉത്തരവാദിത്തത്തോടെ ഓരോ നഗരവാസിയും ഗ്രാമവാസിയും ഈ പ്രശ്നത്തെ സമീപിക്കേിയിരിയ്ക്കുന്നു. അല്ലെങ്കിൽ ഈ പദ്ധതിയുടെ പേരിൽ സാധാരണ ജനങ്ങളായ എല്ലാവരും –നഗരത്തിലെയും ഗ്രാമത്തിലെയും – ഒന്നടങ്കം കബളിപ്പിക്കപ്പെടുകയും രാഷ്ട്രീയവും സാമ്പത്തികവും പാരിസ്ഥിതികവുമായ മുതലെടുപ്പുകൾ ഉാവുകയും ചെയ്യും. ഈ പ്രശ്നത്തിൽ നാട്ടുകാർക്ക്–നഗരത്തിലും ഗ്രാമത്തിലും വസിക്കുന്നവർക്ക്–ഭാവിയിൽ ദുഃഖിക്കാനിടവരുന്ന രീതിയിൽ നഗരസഭമുന്നോട്ടുപോകില്ലെന്ന് പ്രതീക്ഷിക്കുന്നു.

**ഗൗരവപൂർണമായി ചർച്ച ചെയ്യപ്പെടേ ഈ വിഷയത്തിൽ നിങ്ങളുടെ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു. തിരുവനന്തപുരത്ത് ഒരു ചർച്ച സംഘടിപ്പിക്കുന്നു. കൂടുതൽ ആശയവിനിമയം തുടരാനായി ബന്ധപ്പെടുക.**

**തണൽ**

**പോസ്റ്റ് ബോക്സ് – 815, കവടിയാർ**
**തിരുവനന്തപുരം. 695 003.**